**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3393** **11-03-2025 - ൽ മറുപടിയ്ക്ക്**

**കമ്പനികൾക്ക് നിയമാനുസരണം കൈവശം വയ്ക്കാവുന്ന ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കമ്പനികൾക്ക് നിയമാനുസരണം എത്ര ഏക്കർ ഭൂമി വരെ കൈവശം വയ്ക്കാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 82 പ്രകാരം സംസ്ഥാനത്ത് കമ്പനികൾക്ക് 10 സ്റ്റാന്റേർഡ് ഏക്കർ (12 മുതൽ 15 ഏക്കർ വരെ) ഭൂമി കൈവശം വയ്ക്കാവുന്നതാണ്. ടി വ്യവസ്ഥയ്ക്ക് മാറ്റം വരുത്തിയിട്ടില്ല. |
| (ബി) | കമ്പനികൾക്ക് നിയമാനുസരണം കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിയിൽ ഈ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് മാറ്റമെന്നും എന്നാണിത് നിലവിൽ വന്നതെന്നും വ്യക്തമാക്കുമോ; | (ബി) | കേരള ഭൂപരിഷ്കരണ നിയമം 1963 വകുപ്പ് 82 പ്രകാരം സംസ്ഥാനത്ത് കമ്പനികൾക്ക് 10 സ്റ്റാന്റേർഡ് ഏക്കർ (12 മുതൽ 15 ഏക്കർ വരെ) ഭൂമി കൈവശം വയ്ക്കാവുന്നതാണ്. ടി വ്യവസ്ഥയ്ക്ക് മാറ്റം വരുത്തിയിട്ടില്ല. |
| (സി) | പാലക്കാട് എലപ്പുള്ളിയിൽ മദ്യ നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ ഒയാസിസ് കമ്പനി 24.59 ഏക്കർ ഭൂമി വാങ്ങിയത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കുമോ? | (സി) | പാലക്കാട് എലപ്പുള്ളിയിൽ ഒയാസിസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കേരള ഭൂപരിഷ്കരണ നിയമം അനുശാസിക്കുന്നതിൽ കൂടുതൽ ഭൂമി (കൈവശമുള്ളത് 9.6858 ഹെക്ടർ ഭൂമി ) കൈവശം വയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി കമ്പനിയുടെ ഭൂവിവരം പരിശോധിച്ച് മിച്ചഭൂമി കേസ് ആരംഭിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിന് സ്റ്റേറ്റ് ലാൻഡ് ബോർഡിൽ നിന്നും പാലക്കാട് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ